യാദവസഭയിലേക്ക് തപിക്കുന്ന മനസ്സും, കയ്യിൽ പിഞ്ചുകുഞ്ഞിന്റെ മൃതദേഹവും ആയി കടന്നുവന്ന ബ്രാഹ്മണന് തന്റെ അടുത്ത കുഞ്ഞിനെ എങ്കിലും ആർക്കെങ്കിലും രക്ഷിക്കാൻ കഴിയുമോ എന്നാണ് അറിയേണ്ടിയിരുന്നത്. അദ്ദേഹത്തിന്റെ പരിതാപങ്ങൾ ഹൃദയദ്രവീകരണത്തോടെ നർത്തകി വേദിയിൽ അവതരിപ്പിച്ചപ്പോൾ കാണികളിൽ പലരുടെയും മനസ്സ് തേങ്ങി. നടനം അവസാനിച്ചപ്പോൾ ഒരു മുത്തശ്ശി വന്ന് കരം കവർന്ന് ചുണ്ടോട് ചേർത്തപ്പോൾ നർത്തകിയുടെ മനസ്സ് നിറഞ്ഞുതുളുമ്പി.

കേരള നടനം സ്വന്തം പിതാവിൽ നിന്ന് തന്നെ പഠിക്കുകയും നിരവധി വേദികളിൽ അവതരിപ്പിക്കുകയും ചെയ്ത ആ നടനപ്രതിഭയാണ് ഈ ആഴ്ചത്തെ അതിഥി.

അശ്വതി ഗോപൻ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
വടക്കാഞ്ചേരി ശാഖ.

കൊല്ലം കടയ്ക്കൽ സ്വദേശിയായ കലാമണ്ഡലം ഗോപകുമാറിന്റെയും റവന്യൂ വകുപ്പിലെ ലാൻഡ് ആൻഡ് റിസർവ്വേ വിഭാഗത്തിൽ സർവ്വേയർ ആയ രതീദേവിയുടെയും രണ്ട് പെണ്മക്കളിൽ മൂത്തയാളാണ് അശ്വതി. കഥകളിയോട് പ്രേമം മൂത്ത് കലാമണ്ഡലത്തിൽ വിദ്യാർത്ഥിയായും പിന്നീട് അദ്ധ്യാപകനായും മാറിയതോടെ ചെറുതുരുത്തിക്കാരനായി മാറിയ ആളാണ് ഗോപകുമാർ. കലയോടുള്ള സമർപ്പണം കൊണ്ട് കഥകളി വിഭാഗത്തിന്റെ തലവനും അക്കാദമിക് കോഡിനേറ്ററും ആയി അദ്ദേഹം. കലാമണ്ഡലത്തെ ചുറ്റിപ്പറ്റി തന്റെ ജീവിതം കരുപ്പിടിപ്പിച്ചത് കൊണ്ട് അശ്വതിയുടെ ജനനം ചിലങ്കകൾ നാദമുതിർക്കുന്ന മണ്ണിലായിരുന്നു.

സ്കൂൾ വിദ്യാഭ്യാസം പൂർണമായും ഷൊർണൂർ സെന്റ് തെരേസ ഹയർ സെക്കന്ററി സ്കൂളിൽ ആയിരുന്നെങ്കിലും കലയോടുള്ള അഭിനിവേശത്തിൽ ഒരു കൊല്ലം കലാമണ്ഡലത്തിലും വിദ്യാർത്ഥിനിയായി. എന്നാൽ വീട്ടിൽ നിന്ന് വിട്ടുനിൽക്കേണ്ടി വന്ന വിഷമം താങ്ങാൻ കഴിയാതെ സെന്റ് തെരേസാസിൽ തന്നെ തിരികെ എത്തി അശ്വതി.

ചെറിയ ക്ലാസ്സുകളിൽ ഗ്രൂപ്പ് ഇനങ്ങളിൽ മാത്രം പങ്കെടുത്തിരുന്ന അശ്വതി കലാമണ്ഡലത്തിൽ നിന്നും തിരികെ എത്തിയ ശേഷമാണ് ഒറ്റക്ക് പങ്കെടുക്കാവുന്ന ഇനങ്ങളിൽ മത്സരിക്കാൻ തുടങ്ങിയത്.

നാലര വയസ്സിൽ കലാമണ്ഡലം ജ്യോതി ടീച്ചറിൽ നിന്നും നൃത്തം അഭ്യസിച്ചു തുടങ്ങിയ അശ്വതി ഒറ്റക്ക് മത്സരങ്ങളിൽ പങ്കെടുക്കാൻ തുടങ്ങിയത് ഒൻപതാം ക്ലാസ്സ് മുതലാണെങ്കിലും മികച്ച രീതിയിലുള്ള

വിജയങ്ങൾ അന്ന് മുതൽ അശ്വതിയെ കാത്തിരുന്നു. നൃത്തത്തിന്റെ അരങ്ങേറ്റവും ഇതേ കാലത്ത് തന്നെയായിരുന്നു. കലാമണ്ഡലം ശ്രീധരൻ നമ്പൂതിരിയിൽ നിന്നും സംഗീതവും സ്വായത്തമാക്കിയെങ്കിലും ഏതെങ്കിലും ഒരു കലയിൽ തന്റെ ശ്രദ്ധ പൂർണമാക്കണം എന്ന തോന്നലിൽ നൃത്തത്തെ നെഞ്ചോട് ചേർത്തു അശ്വതി.

അച്ഛന്റെ ജോലി വഴി ഓരോ നൃത്തരൂപത്തിലും മികച്ച അധ്യാപകരുടെ ശിക്ഷണം നേടാൻ അശ്വതിക്ക് ഭാഗ്യം ഉണ്ടായി.
മോഹിനിയാട്ടത്തിൽ കലാമണ്ഡലം ലീലാമ്മ ടീച്ചറും, കുച്ചുപ്പുടിയിൽ വെട്ടിക്കാട്ടിരി അനിൽ മാസ്റ്ററും, ഭരതനാട്യത്തിൽ കലാമണ്ഡലം ശോഭ ടീച്ചറും കലാമണ്ഡലം കൃഷ്ണപ്രിയയും ഒക്കെ അശ്വതിക്ക് ഗുരുക്കന്മാരാണ്.

നൃത്തരൂപങ്ങളിൽ മിക്കതിലും ചാതുര്യം നേടിയെങ്കിലും കേരളനടനം ആയിരുന്നു അശ്വതിയുടെ മനസ്സ് മുഴുവൻ.
കേരളനടനത്തിന്റെ ആചാര്യൻ ശ്രീ ഗുരുഗോപിനാഥിൽ നിന്നും കേരളനടനം അഭ്യസിച്ച സ്വന്തം പിതാവ് തന്നെയായിരുന്നു ഇതിൽ അശ്വതിയുടെ ഗുരു. പിതാവിന്റെ
അനുഗ്രഹാശ്ശിസ്സുകളോടെഅരങ്ങിലെത്തിയ അശ്വതി 2006ൽ സംസ്ഥാനയുവജനോത്സവത്തിൽ കേരളനടനത്തിന് മൂന്നാം സ്ഥാനവും 2007ൽ ഒന്നാം സ്ഥാനവും നേടി.

തുടർവിദ്യാഭ്യാസത്തിന് തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ എത്തിയതോടെ നടനത്തിന്റെ ചക്രവാളത്തിനും വികാസം കൈവന്നു.

2009ൽ സെന്റ് തോമസ് കോളേജിലെ കലാതിലകമായി മാറിയ അശ്വതി ഡി സോണിൽ കുച്ചുപ്പുഡിയിൽ വിജയകിരീടം നേടി. 2010ൽ കേരളനടനത്തിന് ഒന്നാം സമ്മാനവും മോഹിനിയാട്ടത്തിന് രണ്ടാം സമ്മാനവും യൂണിവേഴ്സിറ്റി യുവജനോത്സവത്തിൽ കേരളനടനത്തിന് രണ്ടാം സമ്മാനവും അശ്വതിയെ തേടിയെത്തി.

2013ൽ ആണ് അശ്വതി ബാങ്കിൽ ചേരുന്നത്. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ വടക്കാഞ്ചേരി ശാഖയിൽ.2015ൽ ചെറുതുരുത്തി ശാഖയിലേക്ക് സ്ഥലം മാറ്റം. പിറകേ 2016ൽ വിവാഹവും. വ്യവസായ സംരംഭകനായ ജോതിഷ് ആണ് അശ്വതിയുടെ ജീവിതസഹയാത്രികൻ. ഇവർക്ക് കൂട്ടായി നാല് വയസ്സുള്ള ധ്യാൻ ജോതിഷ് എന്ന കുസൃതിക്കുരുന്നും.
എറണാകുളം നായേഴ്സ് ആശുപത്രിയിലെ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ആയ ചന്ദനഗോപൻ ആണ് സഹോദരി.

2018ൽ അശ്വതി വീണ്ടും വടക്കാഞ്ചേരി ശാഖയിലേക്ക് തന്നെ തിരികെ എത്തി. ഇപ്പോൾ അവിടെ സീനിയർ അസ്സോസിയേറ്റ് ആയി ജോലി ചെയ്യുന്നു.

ബാങ്ക് തന്റെ കലാജീവിതത്തിന് ഒരുപാട് അവസരങ്ങൾ ഒരുക്കി തന്നു എന്ന് പറയുമ്പോൾ അശ്വതിക്ക് വല്ലാത്തൊരഭിമാനം. 2015, 2019 വർഷങ്ങളിൽ ബാങ്ക് ഗുരുവായൂർ ക്ഷേത്രത്തിൽ നടത്തിയ ഏകാദശി വിളക്കിൽ നൃത്തം അവതരിപ്പിക്കാൻ കഴിഞ്ഞത് കണ്ണൻ നൽകിയ വരപ്രസാദം ആയാണ് അശ്വതി കാണുന്നത്. ബാങ്കിന്റെ സപ്തതി ആഘോഷങ്ങൾ തൃശൂരിൽ നടക്കുമ്പോൾ അശ്വതി അതിൽ കുച്ചുപ്പുടിയും കേരളനടനവും അവതരിപ്പിച്ചിരുന്നു.

ഇന്നും തനിക്കേറ്റവും ഇഷ്ടപ്പെട്ട ഒരിനം അവതരിപ്പിക്കാൻ പറഞ്ഞാൽ അശ്വതി തെരഞ്ഞെടുക്കുക കേരളനടനം തന്നെ. തന്റെ പിതാവ് പകർന്നുനൽകിയ ആ കലാരൂപത്തെ അത്രമേൽ അശ്വതി പ്രണയിക്കുന്നുണ്ട്.

നമ്മുടെ ഗ്രൂപ്പിനെക്കുറിച്ച് പറയുമ്പോൾ അശ്വതി വല്ലാതെ വാചാലയായി. വേദികളിൽ നൃത്തം അവതരിപ്പിക്കാൻ ആവാത്ത ഈ കൊറോണക്കാലത്ത് ഈ ഗ്രൂപ്പ് നൽകുന്ന അവസരങ്ങൾക്ക് എത്ര നന്ദി പറഞ്ഞാലും അധികമാവില്ല എന്ന് അശ്വതി. അശ്വതിയുടെ നൃത്തസപര്യ ഉയരങ്ങൾ കീഴടക്കട്ടെ എന്ന് ടാലന്റഡ് ബാങ്കേഴ്സ് കുടുംബം ആശംസിക്കുന്നു.

-----------------------------------------------------------------------------------------------

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, അഞ്ചാലുംമൂട് ശാഖ, കൊല്ലം

English version: Drisya Saseendran , Union Bank of India, Regional Office, Thiruvananthapuram

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അരക്കിണർ മീഞ്ചന്ത ബ്രാഞ്ച്, കോഴിക്കോട്

-----------------------------------------------------------------------------------------------

The Brahmin, who had stepped into the Yadava Sabha (congregation of Yadavas) with a lamenting heart and the corpse of a young child carried in his arms, wanted to know if some one could rescue his next child. Many a spectator heaved a sigh and their souls deliquesced as the artiste portrayed the role of the bereaved Brahmin,the very embodiment of the uncalled-for afflictions one may encounter with in life. In the denouement, the dancer felt euphoric with an old lady approaching to meet her, drawing her closer and kissing her with exuberance.

Let's acquaint you with a dancer among us who have had the privilege to get trained in Kerala Nadanam by her father and beguiles the audience with her idiosyncratic perfomances on stage.

Aswathy Gopan,
State Bank of India,
Wadakkanchery Branch.

Aswathy is the elder one of the two daughters of Shri Kalamandalam Gopakumar, a native of

Kadakkal in Kollam, and Rathi Devi, a surveyor in the Land and Resurvey Division of the Revenue Department. Her father's mounting fervent liking for Kathakali made him a student first and later a teacher at Kalamandalam. He headed the Kathakali department and served as academic coordinator there.

Although Aswathy had her schooling at St. Theresa's Higher Secondary School, Shoranur, she joined kalamandalam which proved ameliorative to her burning passion for art. Given her home sickness, Aswathy returned to St. Theresa's to pursue her education.

Aswathy, who used to partake only in group events initially, started competing in solo events once she returned from kalamandalam. She started learning dance under the tutelage of Smt.Kalamandalam Jyothi at the age of four and a half years and started participating in solo events from the ninth class during which she staged her debut performance also. Although she learnt music from Kalamandalam Sreedharan Namboodiri, she felt that she should zero in on any one art and she preferred dance to singing.

Aswathy was fortunate enough to get trained by the best teachers in different dance forms. Kalamandalam Leelamma was her guru in Mohiniyattam.Vettikattiri Anil trained her in Kuchupudi.Kalamandalam Sobha and Kalamandalam Krishnapriya trained her in Bharatanatyam.Although she excelled in most dance forms, Aswathy felt something distinctive about Kerala Nadanam.

Her guru in Kerala Nadanam was her own father, who learnt the art from Sri Guru Gopinath. Aswathy, who made her entry into the field of art bestowed with the blessings of her father, won the third place for Kerala Nadanam in 2006 and first place at the State Youth Festival in 2007.

Her artistic pursuits witnessed kaleidoscopic expansion after joining St. Thomas' College, Thrissur.

She grabbed the title of 'Kalathilakam' at St Thomas College In 2009.She came first in D Zone in Kuhchipudi.In 2010, Aswathy won the first prize for Kerala Nadanam, second prize for Mohiniyattam and second prize for Kerala Dance at the University Youth Festival.

Aswathy joined the bank in 2013 at the Wadakkanchery branch of State Bank of Travancore. She got transferred to Cheruthuruthy branch in 2015. Aswathy's life partner Jyotish is an entrepreneur. They have a four - year - old kid, Dhyan Jyotish.
Her sister, Ms Chandana Gopan,is working with Nair's Hospital, Ernakulam as a clinical psychologist.

In 2018, Aswathy joined back at the Wadakkanchery branch. She is presently working as a Senior Associate there.
Aswathy is proud to say that the bank has provided her ample opportunities in materializing her passions as an artiste. Aswathy perceives it as a blessing of Lord Krishna,to have gotten an opportunity to perform at 'Ekadashi' at Guruvayur Temple in 2015 and 2019. When the bank's seventieth year celebrations were held in Thrissur, Aswathy performed Kuchupudi and Kerala

Nadanam.

Amongst all other art forms, Aswathy loves Kerala Nadanam the most. She thankfully states that Talented Banker’s group has given her ample opportunities to showcase her talents in these days when she can’t perform on stage.

Talented Bankers Community wishes Aswathy all the best in the days to come. May all her creative endeavours be greeted with smiles and laurels.